കേരള സർക്കാർ

നം.5988/ജെ2/12/പൊ.വി.

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം
തീയതി:21/02/2012

## സർക്കുലർ

**വിഷയം:-** ഒരു അൺ എക്കണോമിക് സ്കൂളിൽ നിന്ന് അതേ മാനേജ്മെന്റിന്റെ കീഴിലുള്ള മറ്റൊരു അൺഎക്കണോമിക് സ്കൂളിലേക്ക് ജീവനക്കാരുടെ പരസ്പര സ്ഥലം മാറ്റം - സംബന്ധിച്ച്.

**സൂചന:-** 30/05/2011 ലെ 13122/ജെ2/11/പൊ.വി നമ്പർ സർക്കുലർ.

ഒരു അൺ എക്കണോമിക് സ്കൂളിൽ നിന്ന് അതേ മാനേജ്മെന്റിന്റെ കീഴിലുള്ള മറ്റൊരു അൺ എക്കണോമിക് സ്കൂളിലേയ്ക്ക് അദ്ധ്യാപക/ അനദ്ധ്യാപക ജീവനക്കാരുടെ സ്ഥലം മാറ്റം അനുവദിച്ചുകൊണ്ടും അപ്രകാരം സ്ഥലം മാറ്റി നിയമിക്കുന്നത് വഴി മാതൃസ്ക്കൂളിൽ ഉണ്ടാകുന്ന ഒഴിവ് സംരക്ഷിത അദ്ധ്യാപകനെ /അനദ്ധ്യാപകനെക്കൊണ്ട് മാത്രമേ നികത്തുവാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തു കൊണ്ടും സൂചനയിലെ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

(2) ഒരേ മാനേജ്മെന്റിന്റെ കീഴിലുള്ള അൺ എക്കണോമിക് സ്കൂളുകളിൽ ലഭ്യമായ ഒഴിവിൽ പരസ്പര സ്ഥലംമാറ്റം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

(3) ഈ സാഹചര്യത്തിൽ ഒരേ മാനേജ്മെന്റിന് കീഴിലുള്ള വിവിധ അൺഇക്കണോമിക് സ്കൂളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ പരസ്പര സ്ഥലംമാറ്റം അനുവദനീയമാണെന്ന് നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിക്കുന്നു.

**ആർ.മധുസൂധനൻ നായർ**
**അഡീഷണൽ സെക്രട്ടറി**

To

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
→ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും/ ഓഫീസർമാർക്കും
ഡയറക്ടർ, വിവരപൊതുജനസമ്പർക്ക വകുപ്പ്
ഡയറക്ടർ, IT @ school, തിരുവനന്തപുരം
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**